## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –പോഷകബാല്യം പദ്ധതി 2024-25 അങ്കണവാടികളിൽ മുട്ട/പാൽ വിതരണം നടത്തുന്നത് -ജനുവരി മുതൽ മാർച്ച് വരെ പദ്ധതി നടത്തിപ്പിന് തുടർ അനുമതി നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:

24.12.2024 ൽ കൂടിയ സ്പെഷ്യൽ വർക്കിങ്ങ് ഗ്രൂപ്പ് തീരുമാനം.

**ഉത്തരവ് നം. DWCD/1763/2024-ICDSB1 തീയതി: 24-01-2025**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ. ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന പോഷക ബാല്യം പദ്ധതിയുടെ ഭാഗമായി. നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെ അങ്കണവാടികളിൽ പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്നതിനു അനുമതിയും പദ്ധതി നടത്തിപ്പിനായി ഫണ്ടും അനുവദിച്ചിരുന്നു.

ഇതിലേക്കായി 24.12.2024 ൽ കൂടിയ സ്പെഷ്യൽ വർക്കിങ്ങ് ഗ്രൂപ്പ് തീരുമാനം പ്രകാരം ചുവടെ പറയും പ്രകാരം ഉള്ള മാർഗ നിർദേശം പാലിച്ചു 2025 മാർച്ച് 31 വരെ പദ്ധതി നടത്തിപ്പിന് തുടർ അനുമതി നൽകി ഉത്തരവാകുന്നു.

1 അങ്കണവാടിൽ എത്തുന്ന മൂന്ന് വയസ്സ് മുതൽ ആറു വയസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം പാലും, കോഴി മുട്ടയും നൽകേണ്ടതാണ്.

2 ഒരു കുട്ടിയ്ക്ക് 125ml പാൽ എന്ന അളവിൽ 500ml പാൽ നാല് കുട്ടികൾക്ക് എന്ന് തോതിൽ തുല്യ അളവിൽ വീതിച്ച് നൽകേണ്ടതാണ്.

3 അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് തിങ്കൾ, വ്യാഴം ദിവസങ്ങളിൽ പ്രഭാത ഭക്ഷണത്തിനൊപ്പം തന്നെ തിളപ്പിച്ചാറ്റിയ പാലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ കോഴി മുട്ടയും നൽകേണ്ടതാണ്.

4. തിങ്കൾ, ചൊവ്വ/വ്യാഴം, വെള്ളി ദിവസങ്ങൾ അവധിയാകുന്ന പക്ഷം, ബുധനാഴ്ചയോ, ശനിയാഴ്ചയോ യഥാക്രമം പാൽ/ മുട്ട നൽകേണ്ടതും. ടി ദിവസങ്ങൾ അവധിയാകുന്ന പക്ഷം, മറ്റ് ദിവസങ്ങളിൽ പാൽ/മുട്ട നൽകേണ്ടതാണ്.

5. ഇപ്പോൾ പഞ്ചായത്തുകൾ അങ്കണവാടികളിൽ പാൽ, മുട്ട വിതരണം ചെയ്യുന്നുണ്ടെങ്കിൽ മേൽ ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ അത് തുടരാവുന്നതാണ്.

6. അങ്കണവാടിയിൽ വിതരണത്തിനായി ആവശ്യമായ പാൽ. മിൽമയിൽ നിന്നും വാങ്ങേണ്ടതാണ്.

7. മിൽമ പാൽ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അംഗീകൃത ക്ഷീര സൊസൈറ്റികളിൽ നിന്നും മിൽമ പാലും ക്ഷീര സൊസൈറ്റികളും ഇല്ലാത്ത സ്ഥലങ്ങളിൽ ക്ഷീര കർഷകരിൽ നിന്നും പാൽ നേരിട്ട് വാങ്ങാവുന്നതാണ്. ഇവയൊന്നും ലഭ്യമല്ലാത്ത മലയോര ഗ്രാമ പ്രദേശങ്ങളിൽ, മിൽമയുടെ (UHT പാൽ വിതരണം ചെയ്യേണ്ടതാണ്.

8. ഇത്തരത്തിൽ UHT പാൽ ആവശ്യമായ പ്രോജക്ടുകൾ/പഞ്ചായത്ത്/അങ്കണവാടിയുടെ വിശദാംശങ്ങൾ പ്രോഗ്രാം ഓഫീസർമാർ രേഖാമൂലം മിൽമക്ക് ലഭ്യമാക്കേണ്ടതാണ്. UHT പാൽ മിൽമ നേരിട്ട് ലഭ്യമാക്കുന്നതാണ്.

9. ഒരു കുട്ടിക്ക് 125 ml പാൽ എന്ന അളവിൽ പാൽ വിതരണം ചെയ്യേണ്ടതാണ്. ഒരു ദിവസം ഹാജരാകാത്ത കുട്ടിയുടെ പാൽ, അടുത്ത ദിവസം ഉച്ച ഭക്ഷണത്തിന് തൈരായോ, പുളിശ്ശേരിയായോ ഉൾപ്പെടുത്താവുന്നതാണ്

10. അങ്കണവാടി ഗുണഭോക്താക്കളുടെ എണ്ണം, ALMSC (Anganwadi Level Monitoring & Support committee) കൂടി തീരുമാനിക്കേണ്ടതാണ്.

**11. അങ്കണവാടികളിൽ പാൽ, കോഴി മുട്ട വിതരണത്തിനായി പഞ്ചായത്ത് തലത്തിൽ 2025 മാർച്ച് 31 വരേക്കു മാത്രം ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.**

12. (a)ടി പദ്ധതിക്ക് ആവശ്യമായ പാൽ മിൽമ / പ്രാദേശിക ക്ഷീര സൊസൈറ്റികൾ/ പ്രാദേശിക ക്ഷീര കർഷകർ /മറ്റു പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ /മിൽമ യു എച്ച് ടി പാൽ/കുടുംബശ്രീ സംരംഭകർ എന്നിവരിൽ നിന്നും സ്റ്റോർപർച്ചേസ് മാനുവൽ അനുസരിച്ച് ബന്ധപ്പെട്ട സൂപ്പർവൈസർമാർ ക്വട്ടേഷൻ/ ടെണ്ടർ ക്ഷണിച്ച് വാങ്ങേണ്ടതാണ്. ആയതു സാധ്യമാകാത്ത സ്ഥലങ്ങളിൽ ഫീഡിംഗ് തടസം ഉണ്ടാകാതിരിക്കാൻ വൗച്ചർ സംവിധാനം വഴിയും പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഒരു ലിറ്റർ പാലിന് ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 58/- രൂപയായി പാലിൻറെ വില നിശ്ചയിച്ചിട്ടുണ്ട്. പാൽ വില ലിറ്ററിനു 52/- രൂപയും ട്രാൻസ്പോർഷൻ ചാർജ് 6/- രൂപയും ആണ്.

(b)പഞ്ചായത്ത് തലത്തിൽ അങ്കണവാടികളിൽ നിശ്ചിത ദിവസങ്ങളിൽ കോഴിമുട്ട എത്തിക്കാൻ താല്പര്യം ഉള്ളവരിൽ നിന്നും ബന്ധപ്പെട്ട സൂപ്പർവൈസർമാർ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ ഒരു കോഴി മുട്ടക്ക് 8/- രൂപ (കോഴിമുട്ട വില 6/-രൂപയും ട്രാൻസ്പോർഷൻ ചാർജ് 2/- രൂപ) നിരക്കിൽ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ബ്ലോക്ക് തലത്തിൽ ക്വട്ടേഷൻ

[illegible]
ലഭ്യമാകാത്ത സാഹചര്യത്തിൽ സബ് സെക്ടർ തലത്തിലും (നാലോ അതിൽ കൂടുതലോ അങ്കണവാടികൾ ഉൾപ്പെടുത്തി) ക്വട്ടേഷൻ വിളിക്കാവുന്നതാണ്.

(c)ടി പദ്ധതിക്ക് ആവശ്യമായ കോഴിമുട്ട കെപ്കോ/കുടുംബശ്രീ സംരംഭകർ മറ്റു പ്രാദേശിക മുട്ട വിതരണ സംരംഭങ്ങൾ എന്നിവരിൽ നിന്നോ സ്റ്റോർ പർച്ചേസ് മാനുവൽ അനുസരിച്ച് ക്വട്ടേഷൻ ടെണ്ടർ ക്ഷണിച്ച് വാങ്ങാവുന്നതും ആയതു സാധ്യമാകാത്ത സ്ഥലങ്ങളിൽ ഫീഡിംഗ് തടസം ഉണ്ടാകാതിരിക്കാൻ വൗച്ചർ സംവിധാനം വഴിയും പദ്ധതി നടപ്പിലാക്കേണ്ടതാണ്.

13. (a) ഒരു സെക്ടർ/ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ആവശ്യമായ പാൽ വാങ്ങുന്നതിന് ടെണ്ടർ ആവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രം ശിശു വികസന പദ്ധതി ഓഫീസർമാർ ടെണ്ടർ ക്ഷണിക്കേണ്ടതും ടെണ്ടർ നോട്ടീസിൽ പ്രസ്തുത സെക്ടർ /പഞ്ചായത്ത് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായിരിക്കുമെന്നും ടെണ്ടർ സമർപ്പിക്കേണ്ടത് സൂപ്പർവൈസർക്കാണ് എന്ന വിവരവും രേഖപ്പെടുത്തേണ്ടാതാണ്.

(b)ഒരു സെക്ടർ / പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് കോഴിമുട്ട വാങ്ങുന്നതിന് ടെണ്ടർ നടപടി ആവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രം ശിശു വികസന പദ്ധതി ഓഫീസർമാർ ടെണ്ടർ ക്ഷണിക്കേണ്ടതും ടെണ്ടർ നോട്ടീസിൽ പ്രസ്തുത സെക്ടർ /പഞ്ചായത്ത് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായിരിക്കുമെന്നും ടെണ്ടർ സമർപ്പിക്കേണ്ടത് സൂപ്പർവൈസർക്കാണ് എന്ന വിവരവും രേഖപ്പെടുത്തേണ്ടതാണ്.നിശ്ചിത വലിപ്പത്തിലുള്ള കോഴിമുട്ട (45gm) വിതരണം ചെയ്യണമെന്നും രണ്ടു ദിവസത്തേയ്ക്ക് ആവശ്യമായ കോഴിമുട്ട ഒറ്റതവണ ആയി അങ്കണവാടികളിൽ എത്തിക്കണമെന്നും എന്നാൽ മുട്ടയ്ക്ക് 10 ദിവസത്തിൽ കൂടുതൽ കാലപ്പഴക്കം പാടില്ലയെന്നും കേടായ കോഴിമുട്ടയുടെ വില നൽകുന്നതല്ല എന്നും ക്വട്ടേഷൻ / ടെണ്ടറിൽ നിബന്ധനയിൽ ഉൾപ്പെടുത്തേണ്ടതാണ്.

14. ഒരു പ്രോജെക്ടിൽ തന്നെ ഒന്നിലധികം സെക്ടർ / പഞ്ചായത്തുകൾക്ക് ടെണ്ടർ നടപടി ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഓരോ സെക്ടർ / പഞ്ചായത്തിനു വേണ്ടിയും ശിശു വികസന പദ്ധതി ഓഫീസർ പ്രത്യേകം ടെണ്ടർ ക്ഷണിക്കേണ്ടതാണ്. സെക്ടർ തലത്തിൽ ക്വട്ടേഷൻ ലഭ്യമാകാത്ത സാഹചര്യത്തിൽ സബ് സെക്ടർ തലത്തിലും (നാലോ അതിൽ കൂടുതലോ അങ്കണവാടികൾ ഉൾപ്പെടുത്തി) ക്വട്ടേഷൻ വിളിക്കാവുന്നതാണ്.

15. ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ ഇ.എം.ഡി /സെക്യൂരിറ്റി ഡെപോസിറ്റ് എന്നിവ സൂപ്പർവൈസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർ ടെണ്ടർക്ക് മടക്കി നൽകാവുന്നതാണ്

16. ഓരോ പ്രോജെക്ടിലേക്കും പാലിൻറെയും മുട്ടയുടെയും ട്രാൻസ്പോർട്ടേഷൻ ചാർജ്

ഉൾപ്പെടെ ആവശ്യമായ തുക ശിശു വികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച് പ്രോഗ്രാം ഓഫീസർമാരെ അറിയിക്കേണ്ടതും ക്രോഡീകരിച്ച റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ അതാത് ജില്ല വനിതാ ശിശു വികസന ഓഫീസർ മുഖേന സമയബന്ധിതമായി ഡയറക്ടറേറ്റിൽ നൽകേണ്ടതുമാണ്.

17. സൂപ്പർവൈസർമാർ സമർപ്പിക്കുന്ന ബില്ലുകളും മറ്റ് രേഖകളും ശിശു വികസ ഓഫീസർമാർ സൂക്ഷമപരിശോധന നടത്തേണ്ടതും തുക അനുവദിച്ച ശേഷം ബില്ലുകൾ സൂക്ഷിച്ച് വയ്ക്കേണ്ടതും ഓഡിറ്റ് പരിശോധനകൾക്ക് വിധേയമാക്കേണ്ടതുമാണ്.

19. പാൽ, മുട്ട വിതരണവുമായി ബന്ധപ്പെട്ട് വർക്കർമാർ അങ്കണവാടികളിലും സൂപ്പെർവൈസർമാർ പഞ്ചായത്ത് തലത്തിലും ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോജെക്റ്റ് തലത്തിലും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും സൂപ്പെർവൈസർമാർ /ശിശു വികസന പദ്ധതി ഓഫീസർമാർ അവ കൃത്യമായി പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

20. പോഷകബാല്യം പദ്ധതി തടസ്സമില്ലാതെ നടത്തുന്നു എന്ന് അതാത് പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും ആയത് സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് അഞ്ചാം തീയതിക്ക് മുൻപ് ലഭ്യമാക്കേണ്ടതുമാണ്.

HARITHA V KUMAR

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർമാർ
2. ശിശു വികസന പദ്ധതി ഓഫീസർമാർ.
3. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനു
4. സ്റ്റോക്ക് ഫയൽ .

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്